## കഥ

# ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസ്

ജോൺമാത്യു

**അ**ന്നത്തെ മദ്രാസിൽനിന്ന്, ഇന്നത്തെ ചെന്നൈയിൽനിന്ന് വീണ്ടുമൊരു യാത്രയാണ് ഞാൻ മനസ്സിൽ വരച്ചിട്ടത്. നഗരത്തിനു പേരുമാറ്റമുണ്ടാകാം, പക്ഷേ എന്റെ ആദ്യയാത്രയുടെ ചിത്രങ്ങളെങ്ങനെയാണ് മായിച്ചുകളയുക?

മറ്റൊരു അവധിക്കാലം!

ഏതാനും ദിവസങ്ങൾ ചെന്നൈയിൽ തങ്ങിയപ്പോൾ, കാര്യമായി ഒന്നും ചെയ്യാനില്ലാതിരുന്നപ്പോൾ ചിന്തിച്ചു. എന്തുകൊണ്ട്, ഒരിക്കൽ, യാത്ര തുടങ്ങിയ പാതയിൽക്കൂടി ഒന്നുകൂടി - അത് ആസ്വാദ്യകരമായിരിക്കുകയില്ലേ, മനസ്സിന് കുളിർമ്മ പകരുന്നതായിരിക്കുകയില്ലേ?

ഇരുപതു വയസ്സു തികയുന്നതിനു മുൻപായിരുന്നു ആദ്യയാത്ര. പഠിച്ച ഭൂമിശാസ്ത്രം നേരിൽകാണാൻ, വായിച്ച ചരിത്രത്തിലേക്ക് ഒന്ന് എത്തിനോക്കാൻ, ആ ചരിത്രഭൂമികളിൽ തൊട്ടുരുമ്മിക്കൊണ്ട്.

ജി.റ്റി.എക്സ്പ്രസ് എത്രയോ കാലം ചരിത്രത്തിന്റെയും ബ്രിട്ടീഷ്പ്രതാപത്തിന്റെയും പ്രതീകമായിരുന്നു. എന്തിനാണ് പെഷവാർ മുതൽ മംഗലാപുരംവരെ അന്ന് അത് ഓടിയിരുന്നത്? പട്ടാളമേധാവികൾക്ക് 'രാജി'ന്റെ നെറുകയിൽക്കൂടി ജൈത്രയാത്ര നടത്താൻ. രാമച്ചവേരുകൾക്കൊണ്ട് മെനഞ്ഞ, ഈർപ്പമണിയപ്പെടുന്ന, തണുപ്പിച്ച കൂടുകൾക്കുള്ളിൽ സുഖയാത്ര ചെയ്യുന്ന സാഹിബ്ബു-ബീബിമാർക്കുവേണ്ടിയായിരുന്നു നൂറ്റിച്ചില്വാനം മണിക്കൂറുകൾ ഓടിയിരുന്ന ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസ്.

എന്റെ ആദ്യയാത്രാകാലങ്ങളായപ്പോഴേക്കും, ട്രെയ്നിന്റെ യാത്രാ ദൂരം വെട്ടിക്കുറച്ചിരുന്നു. അതും ചരിത്രപരവും സാമൂഹികപരവും കാരണങ്ങളാൽ. അതെന്തായാലും നിർത്തുന്ന സ്റ്റേഷനുകളുടെ വിവരങ്ങളും മറ്റ് അസുലഭകാഴ്ചകളും ഞാൻ നോട്ടുബുക്കിൽ കുറിച്ചു, ഒരു യാത്രാവിവരണംപോലെ. രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് മദ്ധ്യപ്രദേശിൽക്കൂടിയുള്ള യാത്ര രസകരമായിതോന്നി. വിന്ധ്യാ-സത്പുര പർവ്വതനിരകൾ!

യാത്ര സാവധാനത്തിലായി.

മുന്നിലും പിന്നിലുമായി എൻജിൻ ഘടിപ്പിച്ച് വലിഞ്ഞുകേറുന്ന ജിറ്റി. ഏതോ ഒരു വളവിൽ 'റ' എഴുതിയതുപോലെ, അതു കാണാൻ ജനത്തിന് ആകാംക്ഷയും.

അത് കഴിഞ്ഞകാലം,

വർഷങ്ങളെത്ര?

അമ്പത്, അരനൂറ്റാണ്ട്!

ഇന്ന്, നിറഞ്ഞൊഴുകുന്ന കംപാർട്ടുമെന്റല്ല.

ശീതവത്ക്കരിച്ച ഒന്നാംക്ലാസിന്റെ ആർഭാടത്തിന്റെ തണലിലെ യാത്ര, അത് അന്നത്തെ പട്ടാളമേധാവികളായ 'സായ്പ്പ'ന്മാർക്ക് വിഭാവന ചെയ്യാൻ കഴിയുന്നതിലതീതമായി!

ഇപ്പോൾ നോട്ടുബുക്കില്ല,

ഇനിയും ഒന്നും എഴുതാനില്ല,

ഡയറിയും യാത്രാവിവരണവും എന്നേ ഉപേക്ഷിച്ചു,

ഒരു ചോദ്യം ബാക്കിനിർത്തിക്കൊണ്ട്

'ആർക്കുവേണ്ടി...?'

നാഗപ്പൂരിൽനിന്നാണ് അയാൾ എന്റെ സഹയാത്രികനായത്.

സാധാരണ എല്ലാവരും ചെയ്യുന്നതുപോലെ ആദ്യം അപരിചിതർ തമ്മിൽത്തമ്മിൽ സൂക്ഷിച്ചുനോക്കുന്നു, നിശബ്ദമായ പഠനം.

സൗഹൃദം സ്ഥാപിക്കുന്നതിന്റെ തുടക്കമായി.

തന്റെ പക്കൽ കരുതിയിരുന്ന കൂടയിൽനിന്ന് ഏതാനും ഓറഞ്ച് അയാൾ പുറത്തെടുത്തു.

'ഫ്രഷ്, ഇത് ഓറഞ്ചിന്റെ നാടാണ്.'

ആദ്യം നിരസിച്ചെങ്കിലും പിന്നീട് നിർബന്ധത്തിന് വഴങ്ങി.

ഞാൻ കരുതിയിരുന്ന ചോക്ലേറ്റ് ബാറുകൾ ഒരു മറുപടിയായി അദ്ദേഹത്തിനും സമ്മാനിച്ചു.

'രഘു, രഘു മേനോൻ...' അയാൾ പരിചയപ്പെടുത്തി.

ഏതോ ഉദ്യോഗങ്ങളെല്ലാം വഹിച്ച്, വിരമിച്ച്, പക്വതവന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമപോലെ. മേലേക്കിട ക്ലാസുകളിൽ യാത്ര ചെയ്യുന്നവരുടെ ഉറച്ച ആത്മവിശ്വാസം. അതിന്റെ പ്രതീകമായ വെള്ള ഷർട്ടും ചുവന്ന ടൈയും ജായ്ക്കറ്റും!

ഡൽഹിയിലുള്ള മകളെയും കുടുംബത്തെയും കാണാനുള്ള യാത്രയിലാണ്. പേരക്കുട്ടികൾക്കുള്ള സമ്മാനമാണ് ഓറഞ്ചുകൂട!

നിമിഷങ്ങൾക്കകം അയാൾ വാചാലനായി.

കഴിഞ്ഞ അമ്പതു വർഷമായി എത്രയോവട്ടം ഇതുപോലെ ഡൽഹിയാത്ര ചെയ്തിരിക്കുന്നു. നാഗപ്പൂരിൽനിന്ന് ജിറ്റി എക്സ്പ്രസിൽ കേറിയാൽ അടുത്ത ദിവസം പുലർച്ചെ ഡൽഹിയിലെത്തും. അന്നത്തെ ജോലിയും തീർത്ത് വൈകുന്നേരം മടക്കയാത്രയും.

ആ യാത്രകൾ–

എന്നിൽ ആകാംക്ഷയുണർത്തി, കൂടുതൽ അറിയാൻ താത്പര്യവും.

നാഗപൂരിൽ ആസ്ഥാനമാക്കിയിരുന്ന, പാചകയെണ്ണ വൻതോതിൽ ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ഡൽഹി പ്രതിനിധിയായിരുന്നു അയാൾ. സർക്കാർ സ്ഥാപനങ്ങളിലെ ലേലങ്ങളിൽ പങ്കെടുക്കുക, റിപ്പോർട്ടുകൾ തയ്യാറാക്കുക, തങ്ങളുടെ കച്ചവടം ഉറപ്പിക്കുന്നതിനു പ്രേരണ ചെലുത്തുക തുടങ്ങിയവ അയാളുടെ പ്രവർത്തനമണ്ഡലവും. കൂടാതെ ലൈസൻസുകൾ തരപ്പെടുത്തുകയും ഡൽഹിയിലെ 'ഡിജിഎസ്ആൻഡ്ഡി', 'സിസിഐഇ' തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളായി ബന്ധപ്പെടുകയും.

സമാനമായ പ്രവർത്തന സ്വഭാവമുണ്ടായിരുന്നതുകൊണ്ടായിരിക്കണം ഞാൻ അയാളുമായി വേഗം അടുത്തത്.

'ആർക്കും പരാതിയില്ലാതിരുന്ന സുന്ദരമായ, അന്യോന്യം വിജയിക്കുന്ന, 'അഴിമതി'യുടെ സുവർണ്ണ കാലം...' ഓർമ്മ പുതുക്കി.

'ശരിയാണ്, വിലകുറഞ്ഞ പരുത്തിക്കുരുവെണ്ണയിൽനിന്ന് പാചകനെയ്യ് ഉണ്ടാക്കുമ്പോൾ നിലവാരം ഉയർത്താൻ കനോലയെണ്ണയുംകൂടി ചേർക്കാൻ സർക്കാരിന്റെ അനുവാദമുണ്ട്. എന്നാൽ, റേപ്പ്ലാന്റിൽനിന്നുള്ള കനോല കാനഡയിൽനിന്നാണ് എത്തേണ്ടത്. അതിനാണ് 'വിലപ്പിടിപ്പുള്ള' ഇറക്കുമതി ലൈസൻസ്. വിദേശനാണ്യത്തിന് ക്ഷാമമുണ്ടായിരുന്നകാലം. ഒരിക്കൽ ലൈസൻസു തരപ്പെട്ടാൽ 'കനോല' മുതലാളി മറിച്ചുവില്ക്കും. പിന്നെ ബന്ധപ്പെട്ട കക്ഷികൾക്കെല്ലാം ലാഭവിഹിതം!

രഘു മേനോൻ പൊട്ടിചിരിച്ചു. തുടർന്നു. 'റിക്കോർഡിംഗും ക്യാമറയും ഇല്ലാതിരുന്ന നല്ലനാളുകൾ...!'

അറിയാതെ എന്റെ മനസ്സ് കാനഡയിലെ ആൽബർട്ട സംസ്ഥാനത്തെ മഞ്ഞപ്പൂക്കളുടെ വയലുകളിലേക്കുപോയി. കണ്ണെത്താത്ത ദൂരം നീണ്ടുനിവർന്നുകിടക്കുന്ന റേപ്പ്ലാന്റ് വയലുകൾ.

മഞ്ഞപ്പൂക്കളുടെ ഓളങ്ങൾ, ഒരു കുഞ്ഞികാറ്റടിക്കുമ്പോൾ!

ആൽബർട്ടയിലെ എഡ്മന്റൻ നഗരത്തിന് പുറത്തേക്ക് കാറോടിച്ചുപോയതിന്റെ ഓർമ്മ.

അവിടെനിന്നും എന്റെ മനസ്സിനെ വർത്തമാനകാലത്തേക്കു രഘുമേനോൻ മടക്കിക്കൊണ്ടുവരുന്നു:

'ബേതുൾ........'

അപ്പോൾ ഞങ്ങളുടെ ട്രെയ്ൻ സത്പുരഘട്ടങ്ങളിലൂടെയായിരുന്നു യാത്ര. ആദ്യയാത്രയിലായിരുന്നെങ്കിൽ ഞാനെഴുതുമായിരുന്നു:

‘വിന്ധ്യ-സത്പുരഘട്ടങ്ങൾ ഭാരതത്തെ തെക്കും വടക്കുമായി ഭൂമിശാസ്ത്രപരമായി വിഭജിക്കുന്നു. മലകളും താഴ്‌വാരങ്ങളുമായി ഉയരമുള്ള മരങ്ങളില്ലാത്ത കുറ്റിക്കാടുകൾ നിറഞ്ഞ ഭൂമി. എങ്കിലും ഓടുന്ന വണ്ടിയിലിരുന്നുള്ള കാഴ്ച മനോഹരമാണ്...’

അത് അന്ന............!

‘............ ഇനിയും ഇറ്റാർസി, ഹോഷംഗബാദ്............ ഇരുമ്പയിരു നിറഞ്ഞ കുന്നുകൾ......... അതുകൊണ്ടാണല്ലോ ഉരുക്കുവ്യവസായശാലകൾ ഇവിടത്തന്നെ വേണമെന്ന്.......... സർവ്വയർമാരെ വേണമെന്ന്............’

ഇത്രയും പറഞ്ഞിട്ട് രഘു മേനോൻ എന്തോ ചിന്തിക്കുകയായിരുന്നു.

ഒരു കഥ പറയാം, സംഭവകഥ..........

ഞാൻ കഥ കേൾക്കാൻ കാതോർത്തു, രഘു തുടർന്നു:

ഇതുപോലൊരു യാത്ര, വർഷങ്ങൾക്കുമുൻപ്, നിങ്ങൾക്കറിയാമല്ലോ ഉറങ്ങാൻ സൗകര്യമുള്ള മൂന്നാം ക്ലാസിലായിരുന്നു യാത്ര. ഇന്നല്ലേ നാമൊക്കെ സാഹിബ്ബുമാരായത്. ‘ത്രിടയറി’ലെ താഴത്തെ കിടക്ക ഞാൻ ബുക്കുചെയ്തിരുന്നു. നാഗപ്പൂരിൽനിന്നുതന്നെയാണെന്നു തോന്നുന്നു ഒരു യുവതിയും അവരുടെ രണ്ടു കുട്ടികളും എതിർവശത്തെ സീറ്റിൽ ഉണ്ടായിരുന്നു. തുടക്കത്തിലെ ഞാൻ അവരെ ശ്രദ്ധിച്ചു. ഒന്ന് അവരുടെ ആകർഷണീയത, രണ്ട് കുട്ടികളുടെ ദയനീയത. പെൺകുട്ടിയുടെ കൈത്തണ്ടയിൽ രണ്ടു കുപ്പിവളകളാണുണ്ടായിരുന്നത്. അങ്ങനെയാണല്ലോ സമ്പത്തും നിലവാരവും ശ്രദ്ധിക്കപ്പെടുന്നത്.

മൂന്നുപേരും വളരെ ചേർന്നിരുന്നതുകൊണ്ട് ജനാലയോടുചേർന്ന് ഒരാൾകൂടിയിരിക്കാം.

ധൃതിയിൽ വന്ന് ഒരാൾ,

അവിടെ ഇരുന്നപ്പോൾ അസ്വഭാവികമായി ഒന്നും കണ്ടില്ല. ഒരു കുടുംബം. അച്ഛന്റെ വാത്സല്യത്തിൽ അമർന്ന കുട്ടികൾ, പ്രത്യേകിച്ച് ഏഴുവയസുകാരി.

കഥ ആസ്വദിക്കുന്നോയെന്ന് അറിയാനിരിക്കണം രഘു മേനോൻ അല്പനേരം നിശബ്ധനായിരുന്നത്. എന്റെ ആകാംക്ഷയുണർത്താൻ, അതോ ഇനിയും പറയാൻ പോകുന്നതിന്റെ ഗൗരവത്തിനുള്ള ഒരു തയ്യാറെടുപ്പോ?

തുടർന്നു:

ആഗതൻ സ്വയം പരിചയപ്പെടുത്തിയില്ല, പക്ഷേ, പരിചയപ്പെടുത്തിയതുപോലെ സ്വാതന്ത്ര്യമെടുത്ത് കുശലം പറയാൻ തുടങ്ങി.

എന്നാൽ ഇടയ്ക്കിടെ അയാൾ പുറത്തേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. അതുതന്നെ ഒരു പ്രത്യേകതയായിരുന്നു. എന്തോ അന്വേഷിക്കുന്നതുപോലെ, തന്റെ കുടുംബത്തിനുമേൽ ശ്രദ്ധ കൊടുക്കാതെ.

വളരെ സൂക്ഷിച്ചു നോക്കിയാൽ മാത്രം അളന്നെടുക്കാവുന്ന രീതികൾ. എങ്കിലും, ഒരു ചിത്രമെടുത്താൽ അവരെല്ലാവരും പരസ്പര ബന്ധിതർത്തന്നെ!

സൂര്യൻ പടിഞ്ഞാറോട്ട് ചായുന്നു,

വീണ്ടും താണുവരുന്നതിന്റെ ലക്ഷണങ്ങൾ. കുന്നുകൾ സുവർണ്ണതയണിയുന്നു. കാട്ടുമരങ്ങളും പാറക്കെട്ടുകളും പിന്നോട്ടോടുകയാണ്.

വായുവിൽനിന്നു എന്തോ പിടിച്ചെടുത്തതുപോലെ,

അതാ അവിടെയായിരുന്നു, ഒരു മാന്ത്രികന്റെ കൈവേഗത സ്വന്തമാക്കിക്കൊണ്ട്, ഞങ്ങളുടെ വീട്, നോക്കൂ, മേൽക്കൂരയെല്ലാം പൊളിഞ്ഞുവീണിരിക്കുന്നു. ഇപ്പോഴും അതവിടെത്തന്നെയുണ്ട്. മുന്നിലെ റോഡും കുറ്റിച്ചെടികളും. അവൾ നട്ടുനനച്ച ജമന്തി, ആ പൂക്കളുടേതാണോ മഞ്ഞനിറം!

വീണ്ടും ഒരു നിമിഷത്തെ മൗനം.

അതിനിടയിൽ ഉന്മേഷമില്ലാത്ത കുട്ടികളിലേക്ക്, ദുഃഖത്തിന്റെ നിഴലിൽ മുഖം ചായ്ച്ച് അവരുടെ അമ്മയിലേക്ക് ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല.

അയാൾ വീണ്ടും വിരൽ ചൂണ്ടി, ആ റോഡു കണ്ടില്ലേ, ഇടതുവശത്ത് ഉയർന്ന മലനിരകൾ, മറുവ

ശത്ത് കൊക്ക. പതിവുപോലെ അന്നും വൈകുന്നേരം ജോലിക്കാരുമായി ജീപ്പ് കോളണിയിലേക്ക് വരികയായിരുന്നു.

കോളണിയിൽ നൂറുകണക്കിനു വീടുകളൊന്നുമില്ല. പത്തോ പതിനഞ്ചോ താത്ക്കാലിക വീടുകൾ. ഭൂമി അളന്നു തിട്ടപ്പെടുത്തുന്ന സർവേയർമാർക്കും, സഹായികൾക്കും ഡ്രൈവർമാർക്കുമുള്ള വീടുകൾ. ഏതാനും വർഷങ്ങൾകൊണ്ട് ജോലി തീർത്താൽ അവർ താവളം മാറുകയായി. വീടുകളും അതിനു ചേർന്നതായിരുന്നു.

ഗ്രാമത്തിൽനിന്ന് പച്ചക്കറികളും മറ്റും ശേഖരിച്ചാണ് സന്ധ്യയോടടുക്കുമ്പോൾ അവസാന ഓട്ടവുമായി ജീപ്പ് എത്തുക. എന്ത് ആവശ്യത്തിനും സർക്കാർ വക ജീപ്പുകളുണ്ട്. കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാൻ, ജോലിക്കുപോകാൻ, കുടുംബസഹിതം ശനിയാഴ്ചകളിൽ ഗ്രാമത്തിൽ പോകാൻ. അവിടെ വിനോദത്തിനുള്ള വകയുണ്ടായിരിക്കും. സിനിമ, സർക്കസ് തുടങ്ങിയവ.

അന്ന് വൈകുന്നേരം അവസാന ഓട്ടമായിരുന്നു. സൂര്യനസ്തമിച്ചുകൊണ്ടിരിക്കുന്നു. അങ്ങ് താഴെ, വിദൂരതയിലുള്ള റെയിൽവേ ട്രാക്കിൽ ജിറ്റി എക്സ്പ്രസ്. അതുവെച്ചാണ് ഞങ്ങൾ സമയം അളക്കുക. അതാണ് ഞങ്ങളുടെ സമയത്തിന്റെ അതിര്. ഒരു ദിവസം ജിറ്റി വന്നില്ലെങ്കിൽ, ക്രമാതീതമായി താമസിച്ചാൽ ലോകത്തിന് എന്തോ സംഭവിച്ചിരിക്കുന്നു.

വീടുകളിൽനിന്ന് നോക്കിയാൽ ജീപ്പ് വളവുകൾ തിരിഞ്ഞ് വരുന്നതു കാണാം മലകൾ കയറി, ചുരങ്ങളിറങ്ങി, ഒരു ഒളിച്ചുകളിപോലെ.

കുട്ടികൾ പറയും

'പപ്പാ വരുന്നു.......'

നിറഞ്ഞുനില്ക്കുന്ന, മനസ്സിൽ ഒളിപ്പിച്ച, അഭിനിവേശത്തോടെ അവരുടെ അമ്മമാർ പറയും

'നിന്റെ കുസൃതിത്തരങ്ങൾ പറഞ്ഞുകേൾപ്പിക്കുന്നുണ്ട്......'

അതൊന്ന് ഭയപ്പെടുത്താൻ.

അതൊരു അമ്മ-മക്കൾപ്പോര്. പകയില്ലാതെ.

ജീപ്പു വരുന്നത് പുതിയ വാർത്തകളുമായി. മധുര പലഹാരങ്ങളുമായി. നാട്ടിൽനിന്നുള്ള കത്തുകളുമായി.

പുറം ലോകവുമായുള്ള ബന്ധം അന്നവിടെ ചർച്ചയാണ്. ഒരു മടങ്ങിപ്പോക്കാണ്. മറ്റൊരു കത്തിനു വേണ്ടി ഇനിയും എത്രകാലം കാത്തിരിക്കണം?

അന്ന് ആ ജീപ്പ് കോളണിയിൽ എത്തിയില്ല. കുറേ ആത്മാക്കൾ എന്തുചെയ്യണമെന്നറിയാതെ ജീപ്പുയാത്രക്കാരെ പ്രതീക്ഷിച്ചിരുന്നു. കൊക്കയിൽ ജീപ്പ് അപ്രത്യക്ഷമായതിന്റെ കിലുകിലുപ്പ് ചുള്ളിക്കമ്പുകൾ ഒടിയുന്നതിന്റെ ലാഘവത്തോടെ ട്രെയ്നിന്റെ കട....... കടാരവത്തിൽ ലയിച്ചിരിക്കണം.

അതിനോടുചേർന്ന് ഒരു തേങ്ങൽപ്പോലെ ജിറ്റി എക്സ്പ്രസിന്റെ ചൂളംവിളി.

കഥ പറഞ്ഞ് രഘു മേനോൻ നിർത്തി.

വീണ്ടും നാടകീയമായി തുടരുമ്പോൾ. "ഒന്നു കണ്ണടച്ചു. പിന്നീട് ഭോപ്പാലിലെത്തിയതിന്റെ ഒച്ചപ്പാടുകൾക്കിടയിലാണ് കണ്ണുകൾ വലിച്ചുതുറന്നത്. നേരേമുന്നിലുണ്ടായിരുന്ന അമ്മയും മക്കളും സുരക്ഷിതത്വം ഏറെയാക്കാനായിരിക്കണം ഒരു ഷാളുകൊണ്ട് പുതച്ചിരിക്കുന്നു. എല്ലാവരും മയക്കത്തിലാണ്, കുട്ടികൾ അവരുടെ ദേഹത്തോടു പറ്റിച്ചേർന്ന്, തല ചായ്ച്ച്!"

അപ്പോൾ ഞാൻ തന്നത്താൻ ചോദിച്ചു: "അയാൾ എവിടെ?" പക്ഷേ, ആരോടു ചോദിക്കാൻ. അതെന്റെ വിഷയമായിരുന്നില്ലല്ലോ.

വർത്തമാനകാലത്തിലേക്ക് മടങ്ങിവരുന്നതിനിടയിൽ രഘു മേനോൻ പറഞ്ഞു: 'വീണ്ടും ഇതാ ഭോപ്പാലിൽനിന്ന് വണ്ടി നീങ്ങുന്നു. നാളെ രാവിലെ ന്യൂഡൽഹിയിൽ എത്തും. കൊച്ചുകുട്ടികൾ, പേരക്കുട്ടികൾ, കാത്തിരിക്കുന്നുണ്ട്.'

ശീതീകരിച്ച ഫസ്റ്റ്ക്ലാസ് മെത്തയിൽ കിടന്നപ്പോൾ ഉറങ്ങിയതറിഞ്ഞില്ല.

ന്യൂഡൽഹി അവസാനത്തെ സ്റ്റേഷനായിരുന്നതുകൊണ്ട് ധൃതിപ്പെടേണ്ടതില്ലായിരുന്നു. പുറത്തേക്കു നോക്കിയപ്പോൾ ടൗൺഷിപ്പുകൾ. മൂടൽമഞ്ഞിനിടയിൽ മങ്ങിയ വെളിച്ചം.

വീണ്ടും കാണാമെന്നു പറയാൻ രഘുമേനോനെ ഞാൻ അന്വേഷിച്ചു.

ഗാർഡ് പറഞ്ഞു:

'അയാൾ എപ്പോഴേ ഇറങ്ങിയിരിക്കുന്നു. ആഗ്രയിൽ ആയിരിക്കണം, അയാൾ ഒരു സ്ഥിരം യാത്രക്കാരനാണ്. ഏതോ ഒരു ദുഃഖവുമായി സഞ്ചരിക്കുന്നു. എവിടെയെങ്കിലും ഇറങ്ങും. അയാളെ വീണ്ടും കാണുമ്പോഴാണ് ഞങ്ങൾക്കും മനസ്സിനൊരു സമാധാനം.'

അപ്പോൾ ഞാൻ വീണ്ടും ആ കഥ ഒന്നുകൂടി മെനഞ്ഞെടുക്കുകയായിരുന്നു. ആ കഥാനായകൻ രഘുതന്നെയായിരുന്നോ?

പേരക്കുട്ടികളോ?

ഉത്തരമില്ലാത്ത കുറേ ചോദ്യങ്ങളുമായി ഞാൻ മനസ്സുകൊണ്ട് ആ യാത്രയിലേക്ക് മടങ്ങിപ്പോയിക്കൊണ്ടിരുന്നു. സത്പുര മലനിരകളിലേക്ക്, താഴ്വരയിലെ ജിറ്റി എക്സ്പ്രസിന്റെ ചൂളംവിളിയിലേക്ക്, മലമ്പാതയിൽക്കൂടിവന്ന് അപ്രത്യക്ഷമായ ജീപ്പിലേക്ക്, ഇനിയും ഒരു സമാഗമത്തിനു കാത്തിരുന്ന ഏതാനും മനുഷ്യജീവിതങ്ങളിലേക്ക്.

—00—